# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 2756 07.12.2018-ൽ മറുപടിക്ക്

## പന്തപ്ര ആദിവാസി കോളനിക്കായുള്ള പ്രത്യേക പാക്കേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് വനാവകാശ രേഖ കൈമാറിയതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രത്യേക പാക്കേജുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) യും ബി) യും | കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് രണ്ടേക്കർ ഭൂമി വീതം വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്. പന്തപ്ര കോളനിയുടെ സമഗ്രവികസനവും പുനരധിവാസവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ഫണ്ട് വിവിധ ഏജൻസികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പാക്കേജിന്റെ ഭാഗമായി ഓരോ വകുപ്പും കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ; | | |

| ക്രമ നം | പദ്ധതികൾ | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി | 48,00,000/ | പദ്ധതി പൂർത്തീകരിച്ചു. |
| 2 | വൈദ്യുതീകരണം | 42,68,500/ | ടെൻഡർ നടപടികൾ പൂർത്തീകരിച്ചു, പ്രവൃത്തി ഉടൻ ആരംഭിക്കും. |
| 3 | റോഡ് നിർമ്മാണം | 37,50,000/ | ഇടെൻഡർ നടപടി അന്തിമ ഘട്ടത്തിൽ. |
| 4 | സോളാർ ഫെൻസിംഗ് | 8,05,000/- | പദ്ധതി പൂർത്തീകരിച്ചു. |
| 5 | ഭവന നിർമ്മാണം | 2,34,50,000/ | ആരംഭിച്ചിട്ടില്ല. |
| | ആകെ | 3,70,73,500/- | |

| | | | |
|---|---|---|---|
| സി) | ഇതിൽ ഓരോ വകുപ്പും കോളനിയിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) | സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചു.<br>കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| ഡി) | ഏതെങ്കിലും വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തികൾ കോളനിയിൽ ഇനിയും നടപ്പിലാക്കുവാനുണ്ടോ; ഉണ്ടെങ്കിൽ ആയത് വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. വൈദ്യുതീകരണം, റോഡ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>ഭവന നിർമ്മാണ പദ്ധതി പ്രദേശത്ത് ഓരോ പ്ലോട്ടിലും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ച് മാറ്റുവാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണെങ്കിലും ആയതിന് വനം വകുപ്പ് അനുമതി നൽകാത്തതിനാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഭവന നിർമ്മാണത്തിന് അനുവദിച്ച 2,34,50,000/- രൂപ ജില്ലാമിഷൻ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നത് സർക്കാരിലേയ്ക്ക് തിരികെ എടുത്തിട്ടുണ്ട്. തേക്ക് മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ